പി.എസ്.സി.-യുടെ നിയമനാധികാരത്തിൽ ഭേദഗതി

21 [1597] ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:

ശ്രീ. തോമസ് ഉണ്ണിയാടൻ:

,, ജോസഫ് എം. പുതുശ്ശേരി:

,, സ്റ്റീഫൻ ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാങ്ക് ലിസ്റ്റുകളുടെ കാലാവധി നീട്ടികൊടുക്കണമെന്ന സർക്കാർ നിർദ്ദേശം പി.എസ്.സി. തള്ളിക്കളഞ്ഞത് ദൂരവ്യാപകമായ ഫലമുണ്ടാക്കുന്ന ഒരു കാര്യമായി വിലയിരുത്തുന്നുണ്ടോ;

(ബി) എങ്കിൽ ഈ തീരുമാനത്തെ പ്രതിരോധിക്കാനും ഉദ്യോഗസ്ഥ നിയമനങ്ങൾ സർക്കാരിന്റെ പരമാധികാര പരിധിയിൽ വരുന്ന കാര്യമായി പരിഗണിച്ച് ആവശ്യമായ ഭേദഗതികൾ പി.എസ്.സി.-യുടെ നിയമനാധികാര നിയമത്തിന്മേൽ വരുത്തുവാനും ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധി നീട്ടാനുള്ള ശുപാർശ

22 [1598] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004 ഫെബ്രുവരി 4-ന് കാലാവധി അവസാനിച്ച റാങ്ക് ലിസ്റ്റുകളുടെ കാലാവധി എത്ര കാലത്തേക്ക് നീട്ടുവാൻ ശുപാർശ ചെയ്തിരുന്നെന്ന് വ്യക്തമാക്കാമോ;

(ബി) സർക്കാരിന്റെ നിർദ്ദേശം അനുസരിച്ച് കാലാവധി നീട്ടി നൽകാൻ പി.എസ്.സി. തീരുമാനിച്ചിരുന്നോ;

(സി) 2004 ഫെബ്രുവരി 4-ാം തീയതി കാലാവധി അവസാനിച്ച റാങ്ക് ലിസ്റ്റുകളുടെ സാധുത 2004 ഡിസംബർ 31-ാം തീയതി വരെ നീട്ടുന്നതിന് സർക്കാർ വീണ്ടും പി.എസ്.സി.-ക്ക് ശുപാർശ നൽകുമോ?

(ഡി) നിയമന നിരോധനംമൂലം തൊഴിൽ ലഭിക്കാതെ പോയ 2004 ഫെബ്രുവരി 4-ൽ അവസാനിച്ച റാങ്ക് ലിസ്റ്റിലുള്ള ഉദ്യോഗാർത്ഥികളുടെ താൽപ്പര്യം സംരക്ഷിക്കുന്നതിന് സർക്കാർ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 31-12-2004 വരെ കാലാവധി നീട്ടുവാൻ ശുപാർശ ചെയ്തിരുന്നു.

(ബി) 3-4-2004 മുതൽ 30-12-2004 വരെയുള്ള കാലയളവിൽ കാലാവധി തീരുന്ന റാങ്ക് ലിസ്റ്റുകളുടെ കാലാവധി 31-12-2004 വരെ നീട്ടി നൽകാൻ പി.എസ്.സി. തീരുമാനിച്ചു.

(സി) വസ്തുതകൾ വിശദമായി പരിശോധിച്ചശേഷമേ ഇക്കാര്യത്തിൽ ഒരു തീരുമാനം സ്വീകരിക്കാനാവൂ.

(ഡി) നിയമന നിരോധനം നിലവിലുണ്ടായിരുന്നില്ല. നിയമനങ്ങളിലുണ്ടായിരുന്ന നിയന്ത്രണം 1-12-2003 മുതൽ നീക്കിയിരുന്നു.

പി.എസ്.സി. മുഖേനയുള്ള നിയമനങ്ങൾ

23 [1599] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. ലിസ്റ്റ് നിലവിലിരിക്കെ പല വകുപ്പുകളിലും കോൺട്രാക്ട് വ്യവസ്ഥയിലും ദിവസക്കൂലിക്കും ഏജന്റുമാർ മുഖേന നിയമനം നടക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനെതിരെ നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) പി.എസ്.സി. ലിസ്റ്റ് നിലവിലുള്ളപ്പോൾ കോൺട്രാക്ട് വ്യവസ്ഥയിലും ദിവസക്കൂലി മുഖേനയും ആരെയും നിയമിക്കരുതെന്ന് എല്ലാ വകുപ്പു മേധാവികൾക്കും നിയമനാധികാരികൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

ഹയർ സെക്കണ്ടറി സ്കൂളുകളിൽ മലയാളം ടീച്ചറന്മാരുടെ നിയമനം

24 [1600] ശ്രീമതി രാധാ രാഘവൻ:
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ:
,, ടി. യു. രാധാകൃഷ്ണൻ:
,, എ. പി. അനിൽകുമാർ:
,, തേറമ്പിൽ രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി സ്കൂളുകളിൽ ടീച്ചർ ആയി നിയമിക്കപ്പെടുന്നതിന് ഏറ്റവും ഒടുവിൽ പി.എസ്.സി. വിളിച്ച അപേക്ഷകൾക്ക് എഴുത്ത് പരീക്ഷ നടത്തിയതെന്നാണ്;

LIBRARY ARCHIVES Kerala Legislative Assembly